**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2786

18.08.2017 -ൽ മറുപടിയ്ക്ക്

**സർക്കാർ കോളേജ് ലൈബ്രറികളിൽ ഇ-വായന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ടി.ബൽറാം | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകളിൽ ഇ-വായന സൗകര്യമുള്ള ലൈബ്രറികൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എയും, ബിയും) | എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇ-വായന സൗകര്യമുള്ള ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ സർക്കാർ പോളിടെക്നിക് കോളേജുകളിലെ നിലവിലെ ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യുന്ന പ്രക്രിയ നടന്നുവരുന്നു. 54 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടേയും ലബോറട്ടറികളുടെയും വികസനത്തിനായി 04.04.2017-ലെ സ.ഉ (സാധാ) നമ്പർ 670/2017/ഉ.വി.വ പ്രകാരം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എല്ലാ സർക്കാർ കോളേജ് ലൈബ്രറികളിലും ഇ-വായന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ? | | |

Manoj M
**സെക്ഷൻ ഓഫീസർ**